2004-ലെ വരൾച്ചയെ തുടർന്ന് നാശനഷ്ടം സംഭവിച്ച കുരുമുളകു കൃഷിയുടെയും കശുമാവു കൃഷിയുടെയും പുനരുദ്ധാരണത്തിനായി 30 കോടി രൂപ കേന്ദ്ര സർക്കാർ അനുവദിക്കുകയുണ്ടായി.

(സി) വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

വർഷം	*ലഭിച്ചത്* *(ലക്ഷത്തിൽ)*	*ചെലവാക്കിയത്* *(ലക്ഷത്തിൽ)*
2002-2003	3458.87	2981.773
2003-2004	3512.587	3015.096
2004-2005	5405.905	5343.244

(ഡി) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2004 ആഗസ്റ്റ് വരെ 218 കർഷകർ കടക്കെണിമൂലം ആത്മഹത്യചെയ്തു;

(ഇ) ഇല്ല

(എഫ്) ആത്മഹത്യചെയ്ത കർഷകരുടെ കുടുംബങ്ങൾക്ക് 50,000 രൂപ വീതം ധനസഹായം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

ആദിവാസി മേഖലയ്ക്കായുള്ള കൃഷിവകുപ്പിന്റെ പദ്ധതികൾ

91 [421] *ശ്രീ സി. കെ. നാണു*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്, ഇടുക്കി, ജില്ലകളിലെ ആദിവാസി മേഖലയ്ക്ക് ഗുണം ലഭിക്കുന്ന തരത്തിൽ എന്തെങ്കിലും പദ്ധതികൾ കൃഷിവകുപ്പ് നടപ്പിലാക്കുന്നുണ്ടോ;

(ബി) എങ്കിൽ അവ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രത്യേക പദ്ധതിയൊന്നും നടപ്പിലാക്കുന്നില്ല. എന്നാൽ കൃഷിവകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ ഒരു വിഹിതം വയനാട്, ഇടുക്കി ജില്ലകളിലെ ആദിവാസി മേഖലകൾക്കും ലഭിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2004-2005-ലെ കേന്ദ്രാവിഷ്കൃത മാക്രോമാനേജ്മെന്റ് പദ്ധതിപ്രകാരം നെൽകൃഷി വികസനത്തിന് 0.51 ലക്ഷം രൂപയും കുരുമുളക് വികസനത്തിന് 2.61 ലക്ഷം രൂപയും, മറ്റു സുഗന്ധവ്യഞ്ജനങ്ങളുടെ വികസനത്തിനായി 0.60 ലക്ഷം രൂപയും, കശുമാവ് വികസനത്തിനായി 1.72 ലക്ഷം രൂപയും, പച്ചക്കറി വികസനത്തിന് 0.81 ലക്ഷം രൂപയും, ഫലവർഗ്ഗ വികസനത്തിനായി 1.83 ലക്ഷം രൂപയും, പുഷ്പകൃഷി വികസനത്തിന് 2.23 ലക്ഷം രൂപയും, ഔഷധ സസ്യ വികസനത്തിന് 0.60 ലക്ഷം രൂപയും സംസ്ഥാനത്തെ ആദിവാസി മേഖലകൾക്കായി അനുവദിച്ചിട്ടുണ്ട്.

മണ്ണുപരിശോധന

92 [425] *ശ്രീ. സി. കെ. നാണു*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷം മണ്ണ് പരിശോധന പ്രധാനമായും കേരളത്തിൽ ഏതെല്ലാം ജില്ലകളിലാണ് നടത്തിയത് എന്ന് വ്യക്തമാക്കാമോ;

(ബി) ഈ ഇനത്തിൽ എത്ര തുക കൃഷിവകുപ്പ് ചെലവഴിച്ചു എന്നതിന്റെ വിശദാംശം നൽകുമോ?

ഉത്തരം

(എ) എല്ലാ ജില്ലകളിലും നടത്തിയിട്ടുണ്ട്.

(ബി) കഴിഞ്ഞ സാമ്പത്തികവർഷം മണ്ണ് പരിശോധനാശാലകൾ ശക്തിപ്പെടുത്തുന്നതിനായി 9.18 ലക്ഷം രൂപ ചെലവഴിച്ചു.

മിൽമയും പാലുൽപ്പാദകരുടെ നഷ്ടവും

93 [427] *ശ്രീ. ജോർജ് ജെ. മാത്യു*:
" *സി. പി. മുഹമ്മദ്*:
" *എം. എ. ചന്ദ്രശേഖരൻ*:
" *വി. ജെ. പൗലോസ്*:
" *ജി. കാർത്തികേയൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിൽമ എന്നുമുതലാണ് പാലിന് വിലകൂട്ടിയത്; എത്രകണ്ട് വില വർദ്ധിപ്പിച്ചു;

LIBRARY ARCHIVES Kerala Legislative Assembly